AKSHAYA STATE PROJECT OFFICE
TAPAL No:..................
Date: 21 AUG 2018
THIRUVANANTHAP...

## കേരള സർക്കാർ

### സംഗ്രഹം

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - റേഷൻ കാർഡ് സംബന്ധിച്ച ഓൺലൈൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (സി) വകുപ്പ്**

സ.ഉ. (എം.എസ്) നം. 21/2018/വിസവ. തീയതി, തിരുവനന്തപുരം, 20.8.2018

---

പരാമർശം:- 1. 09.05.2018 ലെ സ.ഉ.(പി) നം. 03/2018/വിസവ നമ്പർ ഉത്തരവ്

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 11.07.2018 ലെ (സി.എസ്) എ 6-19331/2017 നമ്പർ കത്ത്

### <u>ഉത്തരവ്</u>

അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സേവനങ്ങൾ നൽകുമ്പോൾ അക്ഷയ കേന്ദ്രങ്ങൾക്ക് ഈടാക്കാവുന്ന സർവ്വീസ് ചാർജ്ജ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾ നൽകുമ്പോൾ അക്ഷയ കേന്ദ്രങ്ങൾക്ക് ഈടാക്കാവുന്ന സർവ്വീസ് ചാർജ്ജ് ചുവടെ പറയുന്ന പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം.** | **സേവനം** | **സർവ്വീസ് ചാർജ്ജ്** |
|---|---|---|
| 1 | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ<br>(ഡേറ്റാ എൻട്രി, രേഖകൾ അപ് ലോഡ് ചെയ്യുന്നതുൾപ്പെടെ) | 50/- രൂപ |
| 2 | റേഷൻ കാർഡുമായി ബന്ധപ്പെട്ട മറ്റു സർവ്വീസുകൾക്ക് | 25/- രൂപ |
| 3 | ഒരു റേഷൻ കാർഡുമായി ബന്ധപ്പെട്ട ഒന്നിലധികം സർവ്വീസുകൾക്ക് ആകെ | 50/- രൂപ |

സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ള നിരക്കുകൾ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ നിശ്ചിത ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ അക്ഷയ സംരംഭകർക്കും നൽകുന്നതിന് അക്ഷയ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വിനോദ്.ജി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ